ചായയുടെ
ലഹരിയിലാറാടുന്നവർ
ചിന്തിക്കേണ്ട
ചില കാര്യങ്ങളെക്കുറിച്ച്

**ജ്യോതി കോഴിക്കോട്**



# ഇരിക്കൂ, ഒരു ചായകുടിക്കാതെ പോകാം

വരൂ, മുറ്റത്തുനിൽക്കാതെ കോലായിലേക്കു കയറിവരൂ, ഇരിക്കൂ. ഇതാ ഒരു ചായ കുടിക്കൂ, ഒരു ചായ കുടിച്ചിട്ടുപോകാം. എത്രവട്ടം കേട്ടതാണു നമ്മളീ ചായ സൽക്കാരം!

എന്നാലിന്ന് ഈ ചായകോപ്പയിൽ നിന്നു നമുക്ക് ഒരു വിപ്ലവം ആരംഭിക്കാം. കേരളത്തിനെ മഹാ വനങ്ങളാൽ ആച്ഛാദിതമാക്കാൻ പര്യാപ്തമായ ഒരു വിപ്ലവം! നോക്കുക എന്താണിത്? തേയിലയിട്ട് തിളപ്പിച്ച പാലോ പൊടിയോ ചേർത്ത് നിറം കൊടുത്ത പഞ്ചസാരയോ ശർക്കരയോ ഇട്ട് മധുരിപ്പിച്ച ഒരു കപ്പ് ചൂടുവെള്ളമാണ് നമ്മുടെ കൈകളിലിരിക്കുന്നത്. അത് സ്നേഹം പകരാൻ, സൗഹൃദം പങ്കുവെയ്ക്കാൻ, ശരീരത്തിന് ഉന്മേഷമേകാൻ, ബന്ധങ്ങളെ കുറഞ്ഞ ചിലവിൽ ഊട്ടിയുറപ്പിക്കാൻ പലർക്കും ദിവസത്തിന്റെ മാർജിൻ രേഖയാകുന്നു. അതില്ലെങ്കിൽ അടഞ്ഞുപോകുന്നു ദിനചര്യകളെല്ലാം. ചായ ശരീരത്തിന്റെ ഘടികാരമാകുന്നു. തേയില സൽക്കാരം സംസ്കാരമാകുന്നു, സാമ്രാജ്യമാകുന്നു. അതില്ലെങ്കിൽ ഒന്നും (രണ്ടും) നടക്കില്ല! ഏറ്റവും കൂടുതൽ വിൽക്കപ്പെടുന്ന ആഗോള പാനീയമാകുന്നു ചായ.

ഒന്നിരുന്നോർത്താൽ ഇത്രമേൽ സർവ്വാതിവർത്തിയായ, മാനവസംസ്കാരത്തിന്റെ മാനകമായിരിക്കുന്ന ഈ ലഘുപാനീയത്തിലടങ്ങിയിരിക്കുന്നത് എന്താണ്.? എന്തെല്ലാമാണ് ? എത്ര സങ്കീർണ്ണതയാർന്ന വസ്തുക്കളും ക്രിയകളുമാണ് ഈ ചായക്കപ്പിനുള്ളിലിരിക്കുന്നത് ? അതിന്റെ രാസഘടനയെന്താണ്.? വെറും ഒരു കാട്ടുചെടിയുടെ ഇല ഉണക്കിപ്പൊടിച്ചതുമാത്രമല്ല തേയില. ആ ചെടി ജീവത്തായി മലമുകളിൽ പരന്നുപടർന്നു പുതച്ചിരിക്കുമ്പോൾ രോഗബാധയുണ്ടാകാതിരിക്കാൻ തളിച്ച കീടനാശിനികൾ വളരുന്നതിനുവേണ്ടി നൽകിയ രാസവളങ്ങൾ, അവയ്ക്കിടയിൽ പുൽച്ചെടികൾ വളരാതിരിക്കാൻ തളിച്ച റൗണ്ടപ്പ് പോലുള്ള കളനാശിനികൾ, പാവപ്പെട്ട സ്ത്രീകൾ അതുപറിച്ചെടുത്തുകൊണ്ട് വരുമ്പോഴുള്ള ദുരിതങ്ങൾ, സങ്കടങ്ങൾ അതു ഫാക്റിയിലെത്തിച്ചശേഷം ഉണക്കുന്നതിനിടയിൽ പൂപ്പൽ തടയാനുള്ള വിഷങ്ങൾ, പൊടിച്ചുവരുമ്പോൾ ഗന്ധത്തിന്, നിറത്തിന് സൂക്ഷിപ്പുകാലത്തിന് എല്ലാം ചേർക്കപ്പെടുന്ന കൃത്രിമവിഷവസ്തുക്കൾ, ഒടുവിൽ നഗരത്തിലെ ക്ലോറിൻ വിഷം ചേർത്ത് തിളപ്പിച്ച ഓറഞ്ച് നിറമുള്ള ഊഷ്മള വിഷപാനീയമാകുന്നു ചായ!

എല്ലാം ചേർന്ന് കൊക്കകോളയോളം അനാരോഗ്യകരമായ ഒരു പാനീയമാണ് ഈ ആകർഷകമായ ചൂടോടെ, ഗന്ധത്തോടെ, സൗഹൃദത്തോടെ നമ്മൾക്കു മുമ്പിലിരിക്കുന്നത്. എങ്കിലും ചായയില്ലാതെ നമ്മൾക്കൊരു ദിവസം പുലരുകയില്ല. ഈ പ്രിയതരമായ വിഷപാനീയത്തിന്റെ സാമ്പത്തിക വശമെന്താണ്? ഇന്ത്യയിലുള്ള സർവ്വചായക്കടകളുടെയും ചക്രം ചായയാകുന്നു. ചായയില്ലെങ്കിൽ ചക്രമില്ല. ചന്ദ്രനിൽ മനുഷ്യരുമില്ല ! അങ്ങനെ നോക്കവേ ഇന്ത്യയിലെ ചായയുടെ ചക്രവർത്തി ടാറ്റ തന്നെയാകുന്നു. കോടികൾ മലകയറി നിരന്നു നിൽക്കുന്ന ഈ വാണീജ്യസാമ്രാജ്യം ടാറ്റയെ ഇന്ത്യയുടെ മുതലാളിയാക്കുന്നു. ടാറ്റയുടെ ചായക്കമ്പനി പൂട്ടിയാൽ ഇന്ത്യ തട്ടുകട മുതൽ താജ് വരെ തകർന്നു

വീഴും. ഒരു കാലിച്ചായയെങ്കിലും
കുടിച്ചില്ലെങ്കിലെന്തു ജീവിതം? സത്യ
ത്തിൽ നിങ്ങളൊരു ചായ കുടിക്കു
മ്പോൾ ചിരിക്കുന്നത് ടാറ്റയാകുന്നു.
അല്ലെങ്കിൽ മറ്റേതോ ചായക്കമ്പനി
മുതലാളിയാകുന്നു.

ഇന്ത്യയിൽ ചായക്കുടി എന്ന
അനാവശ്യ ശീലം വന്നുചേർന്നത്
ഈസ്റ്റിന്ത്യാ കമ്പനിയുടെ കാല
ത്താണ്. ചൈനയിലതു സാധാരണമാ
യിരുന്നെങ്കിലും അത് വ്യവസായമാ
ക്കിയെടുത്തത്. ബ്രിട്ടീഷുകാർ തന്നെ
യായിരുന്നു. വിലപിടിച്ച മരങ്ങൾ
വെട്ടിയെടുക്കുകയും പകരം തേയില
ത്തോട്ടങ്ങൾ വച്ചുപിടിപ്പിക്കുകയും
ചെയ്തുകൊണ്ട് സാമ്രാജ്യത്വം ഏഷ്യ
മുഴുവനും വെളുപ്പിച്ചതായി
സാംസ്കാരികാധിനിവേശ ഭൂപടം
വായിച്ചാൽ കാണാം. കാട് തേവരുടേ
തായിരുന്ന കാലത്ത്, ആനയ്ക്ക് അറി
വില്ലാതിരുന്ന കാലത്ത് സായിപ്പ്
ഇന്ത്യയെ ചായകുടിപ്പിക്കാൻ പഠി
പ്പിച്ചു. ഒരു സംസ്കാരം ഭൂഖണ്ഡ
ങ്ങളെ കീഴടക്കിയത് വെറു ചായയിലൂ
ടെയാണ്. ചരിത്രം സാംസ്കാരിക
വിനിമയം നടത്തിയത് ചായക്കച്ചവട
ത്തിലൂടെയായിരുന്നു. മാനവകുലം
വികസിക്കുന്നത് അങ്ങനെയൊക്കെ
യാണ്. യുദ്ധം മാത്രമല്ല കച്ചവടവും
ഒരു ജേതാവിനെയും ഒരു പരാജിത
നെയും സൃഷ്ടിക്കുന്നു.

ചായ ഒരു സൂചകമാണ്, മാനക
മാണ്. ചായകുടിക്കുന്നത് വളരെ
സ്വാഭാവികമെന്നു തോന്നിക്കുന്ന ഒരു
സാമൂഹിക ശീലമായിരിക്കുന്നു. ഒരു
ചായകുടിക്കുന്നത് അത്ര നിസ്സാര അ
പരാധമല്ല. ചായ ആരോഗ്യപരമായി
ആവശ്യമോ സുരക്ഷിതമോ ആയ
ലഘുപാനീയമല്ല. സാമോവറിലെ
ലോഹക്കറ ചുവക്കുന്ന വാട്ടവെള്ള
ത്തിന് ഗന്ധവും വർണ്ണവും പകർന്ന്
കാശു പിടുങ്ങുന്ന സൂത്രം മാത്രമല്ല
ചായ. അത് മാനവ ചരിത്രത്തിന് വരു
ത്തിയ മാറ്റങ്ങളേക്കാൾ ഭീകരമാണ്
തേയിലകൃഷിയുടെ ഫലമായുള്ള
പാരിസ്ഥിതികാഘാതം. ഗണിതസമ
വാക്യങ്ങൾ ചേർത്തുവായിച്ചാൽ
നമ്മൾ ചായകുടിക്കുമ്പോൾ അതി
നായി എവിടെയോ ഒരു മരം വെട്ടിമാ
റ്റിയിട്ടുണ്ട്. ഒരു സമൂഹം ചായകുടി
ക്കുമ്പോൾ ഒരു മലനിരയിലെ കാടു
തന്നെ ബലിയാടാകുന്നു. ബലാത്സം
ഗംചെയ്യപ്പെടുന്നു. കാടിനുപിറകേ
പുഴയും ബലിയാടാകുന്നു. പുഴയ്ക്കു
പിറകേ സ്വച്ഛമായൊരു ആവാസവ്യവ
സ്ഥയും അനന്തകോടി ജീവധാരകളും
അപ്രത്യക്ഷമാകുന്നു. കാട്ടുമാനിന്റെ
കടുവയുടെ കാലടിപ്പാടുകൾ കാണാ
താവുന്നു. കാനനശൈലങ്ങൾ നഗ്നമാ
ക്കപ്പെടുകയാണ്. ഇത്തിരി കാശിന്,
ചൂടിന്, രുചിക്ക്  ഉയിരുള്ളൊരു
കാടിനെ, ഉർവ്വരമാതൃത്വത്തെ
തകർത്തു കടന്നുപോകുകയാണ്. ഒരു
മത്തഗജത്തെപ്പോലെ നമ്മുടെ
കിഡ്നികളിലും ഭൂമിയുടെ കിഡ്നിക
ളിലും വിഷം കലർത്തുകയാണ്.

കാടുവെട്ടി തീയിട്ട് തേയിലനട്ട്
മൂന്നാറും നീലഗിരിയും ഡാർജി
ലിംഗും അടക്കി വാണ് ധനികരായി
സായിപ്പന്മാർ കടന്നുപോയി. കറുമ്പ
ന്മാരുടെ മണ്ണിനും മനസ്സിനും വന്ന
ജൈവിക ആഘാതങ്ങൾ അവർ കണ്ട
തേയില്ല. കഴുത്തിൽവാലുമുളച്ചത്
ഗംഭീരമായി എന്നു കരുതി നമ്മളും
പിറകേ നടക്കുന്നു. മന്ദബുദ്ധികളെ
പ്പോലെ ശരീരത്തിന്റെ ശുദ്ധ സംവേദ
നങ്ങളെ നിഷേധിച്ച് ഉത്തേജകങ്ങൾ
തേടി ലഹരിക്കടിമയാക്കുകയാണ്.
വടക്ക് നീലഗിരിമുതൽ തെക്ക്
പൊന്മുടി വരെ കാണാവുന്ന വെട്ടി
യൊതുക്കിയ ചായത്തോട്ടങ്ങൾ നയന
മനോഹരം തന്നെ എന്നാൽ യഥാർത്ഥ
ത്തിൽ കാണുന്നത് നഷ്ടവനങ്ങളുടെ
ഒരുനേർത്ത അടരുമാത്രമാണ്. ഒരു
ജൈവസമൂഹത്തിന്റെ കൺമറമാത്രമാ
ണ്. ഈ   പച്ചയിൽ ഒരുപാടു ചോര
ക്കഥകൾ മൂടിവെച്ചിട്ടുണ്ട്. കഴിഞ്ഞ
തലമുറ ചെയ്തു എന്നതിനാൽ മാത്രം
അവ പരിസ്ഥിതിക്കും സ്വീകാര്യമാ
ക്കുന്നില്ല. തേയിലത്തോട്ടങ്ങൾ ലാഭം
തരുന്ന വ്യവസായമാകിലും കുളിരു
പെയ്യുന്ന വനങ്ങളുടെ ബലിസാർത്ഥ
കമാകുന്നില്ല. പർവ്വത ശിരസ്സുകളെ
മഴക്കാടുകളെ സജൈവമായിരുന്ന
പുൽമേടുകളെ തനിയേ വിടുക, അവ
ജീവന്റെ ക്ഷേത്രമാണ്. പാദസ്പർശ
ത്താൽ സർവ്വതും കരിച്ചുകളയുന്ന
മനുഷ്യർ അവിടെ കയറിവരാതിരി
ക്കുക വ്യഭിചരിക്കാത്തൊരു വിശുദ്ധ
ജീവാലയമായി സർവ്വ ജീവനുമഭയാര
ണ്യകങ്ങളായി സഹ്യാദ്രി ശൈലങ്ങൾ
താഴ്വരകൾക്കു കാവൽ നിൽക്കട്ടെ,
തുണയേകട്ടെ !

വായനക്കാർക്കുവേണ്ടി പ്രതി
വിധിയും എഴുതേണ്ടി വരുന്നു.
സ്വന്തം ശരീരത്തേയും കാടുകളേയും
ആരോഗ്യവത്തായി നിലനിർത്താൻ
ചായകുടി ഉപേക്ഷിക്കുക. പകരം
ജാപ്പിയോ തുളസിച്ചായയോ കേരള
ത്തിൽ പച്ചവെള്ളം കുടിക്കാവുന്ന ഇട
ത്താണു വാസമെങ്കിൽ അതുതന്നെ
അമൃതം! പോരാ ചായ കുടിച്ചാലേ
മതിയാകൂ. എന്നാകിൽ ഒരു ചായ
ച്ചെടി തന്നെ മുറ്റത്തു നട്ടുവളർത്തുക.
കറിവേപ്പിലപോലെ എവിടേയും
വളർത്താവുന്നൊരു ചെറിയമരം മാത്ര
മാണ് തേയില. ദൗർഭാഗ്യവശാൽ
അതിന്റെ കുത്തക തോട്ടങ്ങൾക്കുമാ
ത്രമായി എന്നതു നാം കാണാതെ
പോകുന്നു. കാപ്പിച്ചെടിയുടെ
കാര്യവും ഏതാണ്ടിതുതന്നെയാണ്.
ഒരു മിക്സിയുണ്ടെങ്കിൽ മുറ്റത്തൊരു
കാപ്പിമരമുണ്ടെങ്കിൽ മറികടക്കാവുന്ന
തേയുള്ളൂ ഈ ആർജ്ജിത ദുശ്ശീലങ്ങ
ളെല്ലാം.

സായിപ്പും കണ്ണൻദേവനും
ടാറ്റയും മാത്രമല്ല കാടുവെട്ടി തേയില
നട്ട കൊള്ളക്കാർ. താഴെ സമതലത്തി
ലിരുന്ന ഒരാവശ്യവുമില്ലാതെ
ചായയും കുടിച്ച് ഉത്തേജനം
പോരാഞ്ഞ് ബീഡിയും വലിച്ച്,
ലഹരി പോരാഞ്ഞ് മദ്യവും കഴിച്ച്
നടക്കുന്ന നമ്മളും ഈ കേസിൽ
ഒന്നാം പ്രതിയാണ്. മൂന്നാറിൽ കുടിയി
റക്കേണ്ടത് ദുരമൂത്ത മനുഷ്യരെ മാത്ര
മല്ല ടാറ്റയെക്കൂടിയുമാണ്. ഡാമുകളേ
ക്കാളധികം കാടും മരവും നശിപ്പിച്ചത്
തേയില വ്യവസായമാണ്. ആയതി
നാൽ ഒരു  ചായക്കോപ്പയ്ക്കു ചുറ്റുമി
രുന്ന് കാടുവെട്ടരുത്. കയ്യേറരുത്
എന്നൊക്കെ പറയാൻ സമതലവാസി
കളായ നമ്മൾക്ക് ധാർമ്മികാവകാശമി
ല്ല. ഇനിയെങ്കിലും ഒരിക്കലെങ്കിലും
ചായകുടിക്കാതിരിക്കുക. ശരീര
ത്തിന്റെ ശുദ്ധസംവേദനം ആസ്വദിക്കു
ക. ലഹരിയിലാറാടാതെ ചിന്തിക്കുക.
നേർക്കണ്ണിനാൽ കാണുക. അവിടെ
യാണ് നമ്മളിലെ വിപ്ലവം തുടങ്ങുന്ന
ത്. നമ്മൾ മയക്കം വിട്ടുണരുന്നത്.
ഒരു മരം വളരട്ടെ, ഒരു കാടുതന്നെ
വളരട്ടെ, ഒരു പുഴ ഒഴുകട്ടെ, വിവിധ
തരം ജീവികൾ അധിവസിക്കട്ടെ.

(വിശദവിവരങ്ങൾക്ക്:
9446661698, 9809755588)

---

**മിണ്ടാപ്രാണികൾക്കു വേണ്ടി**
**മിണ്ടാൻ ഒരു കൂട്ടായ്മ**
തൃശൂരിൽ ആരംഭിക്കുന്നു.
ഉദ്ഘാടനം ഫെബ്രുവരി 28ന്
സാഹിത്യ അക്കാദമിയിൽ.
ബന്ധങ്ങൾക്ക്: 9995290018